# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/284/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
അസി.ഡവലപ്പ്മെന്റ് കമ്മീഷണർ,ഗ്രാമ വികസന വകുപ്പ്,ഇടുക്കി
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/284/22 തീയ്യതി: 10/05/2022

# ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2019 മുതൽ 20-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 1 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. എം.വി.സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു,ഓഡിറ്റ് ഓഫീസർ
ശ്രീ മേജോ കെ ജോർജ്ജ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ബെന്നി മാത്യു,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ആശ ആന്റണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ധനേഷ് ബി | സെക്രട്ടറി | 01-04-2019 | 04-08-2019 |
| ശ്രീ ഗോപാല കൃഷ്ണൻ ടി.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2019 | 31-08-2019 |

| | | | |
|---|---|---|---|
| ശ്രീമതി രമാദേവി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2019 | 06-09-2019 |
| ശ്രീ ധനേഷ് ബി | സെക്രട്ടറി | 07-09-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.എം.ഉഷാനന്ദൻ | അസി.എക്സി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ ജോർജ്ജ് എം.എൽ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2019 | 31-08-2019 |
| ശ്രീമതി ജാൻസി ജോൺ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-09-2019 | 09-01-2020 |
| ശ്രീ റജികുമാർ എ.സി | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 10-01-2020 | 20-02-2020 |
| ശ്രീ വിനോദ് വി | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 21-02-2020 | 31-03-2020 |
| ശ്രീ സുനീഷ് പി.വൈ | പട്ടിക വർഗ്ഗ വികസന ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീ ദിലീപ് കെ.എം | പട്ടിക ജാതി വികസന ഓഫിസർ | 01-04-2019 | 31-03-2020 |
| ഡോ.സെബാസ്റ്റ്യൻ കെ.ഇ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി ഉപ്പുതറ | 01-04-2019 | 31-03-2020 |
| ഡോ.ടിജു പി ജോസഫ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി വണ്ടൻമേട് | 01-04-2019 | 30-06-2019 |
| ഡോ.ഷേർളി മാത്യു | മെഡിക്കൽ ഓഫീസർ സി.എച്ച്.സി വണ്ടൻമേട് | 01-07-2019 | 31-03-2020 |
| ശ്രീമതി സൂസൻ ബെഞ്ചമിൻ | കൃഷി അസി.ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. ജോസഫ് തോമസ് | അസി. എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷൈനി ഐസക് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫിസർ കട്ടപ്പന | 01-04-2019 | 31-12-2019 |
| ശ്രീമതി അജിത കെ.എസ് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫിസർ കട്ടപ്പന | 01-01-2020 | 31-03-2020 |
| ശ്രീമതി രാധാമണി ബി.എസ് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫിസർ വണ്ടൻമേട് | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 08-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jomon Francis (Senior Grade Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 04-04-2022) | 1-3 |
| 4 | റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 28.71 ശതമാനം മാത്രം-57.48ലക്ഷം ലാപ്സായി<br>Written By: Majo K George (Asst. Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-3-1 |
| 5 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.<br>Written By: Majo K George (Asst. Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 04-04-2022) | 1-3-2 |
| 6 | പദ്ധതി അവലോകനം<br>Written By: M.U.Sunny (Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-5 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 28-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-8 |
| 11 | ബി-4 ഷെഡ്യൂളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-04-2022) | 1-9 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 05-04-2022) | 1-9 -1 |
| 13 | വാർഷിക റെക്കൺസിലിയേഷൻ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-9-2 |
| 14 | വ്യവസായവിപണനകേന്ദ്രങ്ങൾ നിഷ്ക്രീയ ആസ്തികളായി പരിണമിച്ചിരിക്കുന്നു.<br>Written By: Majo K George (Asst. Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-10 |
| 15 | സി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: Benny Mathew (Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-11 |
| 16 | അമ്പലമേട് മക്കോരപ്പടി ജലസേചനപദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കിയിരിക്കുന്നു.<br>Written By: Majo K George (Asst. Audit Officer, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-05-2022) | 1-12 |
| 17 | ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് കണ്ടിജൻസി ചെലവിൽ നിന്നും വേതനം അനുവദിച്ചു.<br>Written By: Majo K George (Asst. Audit Officer, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 30-04-2022) | 1-13 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 10-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

തൻ വർഷത്തെ ബജറ്റ് 19.02.2019-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് 1(1) നമ്പർ തീരുമാനപ്രകാരം പാസാക്കിയിട്ടുണ്ട്. ₹71461962/- വരവും ₹72603803/- ചെലവും ₹1141841/- മിച്ചവും പ്രതീക്ഷിച്ചിരുന്ന ബജറ്റ് ആണ് അവതരിപ്പിച്ചത്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 10-06-2020 | - | - |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 61761000 | 61761000 | 38141605 | 23619395 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11962000 | 11962000 | 7620409 | 4341591 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4286000 | 4286000 | 3452770 | 833230 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 8063000 | 8063000 | 2314984 | 5748016 | |
| ഐ.ഡബ്ല്യൂ.എം.പി | 9429469 | 222849 | 9652318 | 5624975 | 4027343 | |

### 1-3-1 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 28.71 ശതമാനം മാത്രം-57.48ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹8063000/- ൽ ₹2314984/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 28 ശതമാനം മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച 24.19 ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹5748016/- ലാപ്സായി.

### 1-3-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല- വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ മുന്നിരിപ്പ്/വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഹെഡ് | മുന്നിരിപ്പ് | വരവ് | ചെലവ്/ക്രമീകരിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 320100102 | 11095 | 0 | 11095 | 0 |
| 320100105 | 45245 | 0 | 45245 | 0 |
| 320100115 | 23341 | 0 | 23341 | 0 |
| 320100199 | 10074 | 0 | 10074 | 0 |

| | | | | |
|---|---|---|---|---|
| 320100299 | 33734 | 0 | 0 | 33734 |
| 320200309 | 31082 | 0 | 31082 | 0 |
| 320300199 | 0 | 100000 | 100000 | 0 |
| 320900299 | 9641 | 0 | 0 | 9641 |

320100102, 320100105, 320100115, 320100199, 320200309 ഹെഡ്ഡുകളിൽ 31.03.2020ൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് ക്രമീകരിച്ചതിന് ഉപോദ്ബലകമായ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

### എ) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 130 | 112109313 | 70 | 52485709 | 60 | 53.85 |

1.ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 73487308 | 38141605 | 51.90 |
| | പട്ടിക ജാതി വിഭാഗം | 14188038 | 7620409 | 53.71 |
| | പട്ടിക വർഗ്ഗ വിഭാഗം | 4920770 | 3452770 | 70.16 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 |
| തനത് ഫണ്ട് | | 546437 | 498041 | 91.14 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 9670800 | 2314984 | 23.94 |
| മറ്റിനം | | 909960 | 457900 | 50.32 |
| മറ്റ് ഗ്രാമ പഞ്ചായത്ത് | | 8386000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 0 | 0 | 0 |
| ആകെ | | 112109313 | 52485709 | 46.82 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 3 | 2726840 | 3 | 87918 | 3.22 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 16 | 40416067 | 11 | 23639825 | 58.49 |
| പട്ടിക ജാതി വികസന ഓഫീസർ | 7 | 8303414 | 6 | 4520593 | 54.44 |
| മെഡിക്കൽ ഓഫീസർ- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 8 | 2327624 | 8 | 1904966 | 81.84 |

| | | | | | |
|---|---|---|---|---|---|
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർ | 3 | 3306000 | 3 | 1986000 | 60.07 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 2503300 | 3 | 1851274 | 73.95 |
| സീനിയർ വെറ്ററിനറി സർജൻ / അസിസ്റ്റന്റ് ഡയറക്ടർ /ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 3 | 4131147 | 3 | 4131147 | 100 |
| അസിസ്റ്റന്റ് എൻജിനീയർ | 84 | 42257105 | 31 | 14272265 | 33.77 |
| അസി.എക്സി.എഞ്ചിനിയർ | 3 | 6137816 | 2 | 91721 | 1.49 |
| ആകെ | 130 | 112109313 | 70 | 52485709 | 46.82 |

## 1-5 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-6 ക്ഷേമ പെൻഷനുകൾ

ഇല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2022ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1500/-ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വിവിധ വരവുകളും ചെലവുകളും കൃത്യമായ ഹെഡുകളിൽ അക്കൗണ്ട് ചെയ്യുന്നില്ല. കൃത്യമായി വിശദീകരണം നൽകി രസീതുകൾ പോസ്റ്റ് ചെയ്യേണ്ടതാണ്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾക്ക് ഔദ്യോഗിക രസീത് വാങ്ങേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഫീസ് ഓർഡർ വഴി ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് ചെയ്യേണ്ടതും പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരിക്കുന്ന രീതി ആരംഭിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും

വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലിക മാക്കിയിട്ടില്ല. വിവിധ ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല.

## 1-9 ബി-4 ഷെഡ്യൂളിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന 320100299, 320800101, 320900299 എന്നീ ഹെഡുകളിലുള്ള തുകകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല.

## 1-9 -1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-9-2 വാർഷിക റെക്കൺസിലിയേഷൻ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ബാങ്ക്/ട്രഷറി പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ വർഷാവസാനം അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-10 വ്യവസായവിപണനകേന്ദ്രങ്ങൾ നിഷ്ക്രീയ ആസ്തികളായി പരിണമിച്ചിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ 16.03.2018ലെ 1-3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന വ്യവസായ വിപണനകേന്ദ്രങ്ങൾ 2019-20-ൽ പണികഴിപ്പിച്ചിട്ടുണ്ട്. എന്നാൽ, വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കാത്തതു മൂലം കെട്ടിടങ്ങൾ നിഷ്ക്രീയ ആസ്തികളായി പരിണമിച്ചിരിക്കുകയാണ്.

| പ്രോജക്ടിന്റെ പേര് | ബിൽ നം, ചെക്ക് നം/ തിയതി | തുക (₹) | നിലവിലെ സ്ഥിതി |
|---|---|---|---|
| ചെറുകിട വ്യവസായ യൂണിറ്റിനു വിപണനകേന്ദ്രം-ചക്കുപള്ളം (81/2019, 117/2020) അടങ്കൽ-496006/- | 19100863011900352556/ 17.07.2019 | 496006/- വികസന ഫണ്ട് (പൊതുവിഭാഗം) | ചക്കുപള്ളം ഗ്രാമപഞ്ചായത്ത് 2015-16ൽ പണികഴിപ്പിച്ച വാണിജ്യ കേന്ദ്രത്തിനു സമീപത്തായി ചെറുകിട വ്യവസായ യൂണിറ്റിനായി രണ്ട് മുറികളുള്ള വിപണകേന്ദ്രം പണികഴിപ്പിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വാണിജ്യ കേന്ദ്രം വർഷങ്ങളായി നിഷ്ക്രീയ ആസ്തിയായി കിടക്കുമ്പോഴാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത കോമ്പൗണ്ടിൽ തന്നെ വ്യവസായ വിപണന കേന്ദ്രം പണിതിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പണിഴിപ്പിച്ചിട്ടുള്ള 10 മുറികളുള്ള കെട്ടിടവും ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടവും സാമൂഹ്യ വിരുദ്ധരുടെ താവളമായി നിലവിൽമാറിയിരിക്കുകയാണ്. യാതൊരു പ്രവർത്തനങ്ങളും നടത്താതെ നിഷ്ക്രീയമായി കിടക്കുന്ന സ്ഥലത്ത് തന്നെ ബ്ലോക്ക് പഞ്ചായത്ത് വിപണന കേന്ദ്രം പണികഴിപ്പിക്കുന്നതിന് തീരുമാനിച്ചത് പൊതുപണം പാഴാക്കുന്നതിനു വേണ്ടി മാത്രമാണ്. |

| | | | |
|---|---|---|---|
| ചെറുകിട വ്യവസായ യൂണിറ്റിനു വിപണനകേന്ദ്രം- ചെല്ലാർകോവിൽ (80/2019, 116/2020), അടങ്കൽ 417927/- വികസന ഫണ്ട് (പൊതുവിഭാഗം) | 19100863011900359214/ 19.07.2019 | 417927/- വികസന ഫണ്ട് (പൊതുവിഭാഗം) | ചെറുകിട വ്യവസായ യൂണിറ്റിനു വിപണനകേന്ദ്രം നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും സമീപപ്രദേശത്തൊന്നും ഇത്തരത്തിലുള്ള യൂണിറ്റ് പ്രവർത്തിക്കുന്നില്ല. ചെല്ലാർകോവിലിലുള്ള അംഗൻവാടിയുടെ മുകൾ നിലയായി വ്യവസായ വിപണനകേന്ദ്രം പണികഴിപ്പിച്ചിട്ടുള്ളത്. ചെല്ലാർകോവിലിൽ നിന്നും ജനവാസം തീരെയില്ലാത്ത ഉൾപ്രദേശത്താണ് സ്ഥാപനം സ്ഥിതി ചെയ്യുന്നത്. അംഗൻവാടിയ്ക്ക് മുകൾനിലയിലായി വ്യവസായ വിപണ കേന്ദ്രം നിർമ്മിക്കുന്നതിന് തീരുമാനിച്ചത് യാതൊരു മുന്നൊരുക്കമോ പഠനമോ നടത്താതെയാണ്. സ്ഥലത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയനുസരിച്ച് വ്യവസായ വിപണനകേന്ദ്രത്തിന് അനുയോജ്യമല്ലാത്ത സ്ഥലത്താണ് നിർമ്മിതി നടത്തിയിട്ടുള്ളത്. വ്യവസായ വിപണനകേന്ദം പ്രവർത്തിക്കുയാണെങ്കിൽ തന്നെ അംഗൻവാടിയിൽ പഠിക്കുന്ന കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കും. നിലവിൽ വ്യവസായ വിപണന കേന്ദ്രം പക്ഷികളുടെയും മറ്റും വിസർജ്യങ്ങൾ വീണ് നാശോന്മുഖമായിരിക്കുകയാണ്. |
| ചെറുകിട വ്യവസായ യൂണിറ്റിനു വിപണനകേന്ദ്രം- ഉപ്പുതറ ജിപി (76/2019, 115/2020), അടങ്കൽ-497511/- വികസന ഫണ്ട് (പൊതുവിഭാഗം) | 19100863011900868514/ 26.11.2019 | 497510/- വികസന ഫണ്ട് (പൊതുവിഭാഗം) | ഉപ്പുതറയിലുള്ള കാർഷിക വിജ്ഞാനകേന്ദ്രത്തിന്റെ മുകൾ നിലയായിട്ടാണ് വ്യവസായ വിപണനകേന്ദ്രം പണികഴിപ്പിച്ചിട്ടുള്ളത്. സമീപ പ്രദേശത്തൊന്നും വ്യവസായ കേന്ദ്രങ്ങളില്ല. വിപണനകേന്ദ്രം പ്രവർത്തിക്കാതെ നാശോന്മുഖമായിരിക്കുന്നു. |
| ചെറുകിട വ്യവസായ യൂണിറ്റിനു വിപണനകേന്ദ്രം- ഇരട്ടയാർ (76/2019, 118/2020), അടങ്കൽ- 500000/- തനത് ഫണ്ട് | 2075929/16.03.2020 | 498041/- തനത് ഫണ്ട് | ഇരട്ടായർ ജംഗ്ഷനിൽ പണികഴിപ്പിച്ചിട്ടുള്ള വിപണനകേന്ദ്രം പ്രവർത്തിക്കാതെ നാശോന്മുഖമായിരിക്കുന്നു. സമീപ പ്രദേശത്തൊന്നും വ്യവസായ കേന്ദ്രങ്ങളില്ല. |
| ചെറുകിട വ്യവസായ യൂണിറ്റിനു വിപണനകേന്ദ്രം- പേഴകണ്ടം (133/2019, 120/2020), അടങ്കൽ- 474910/- വികസന ഫണ്ട് (പൊതുവിഭാഗം) | 19100863011900496796/ 24.08.2019 | 467067/- വികസന ഫണ്ട് (പൊതുവിഭാഗം) | കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ പേഴുംകണ്ടം ജംഗ്ഷനിൽ പണികഴിപ്പിച്ചിട്ടുള്ള വിപണനകേന്ദ്രം പ്രവർത്തിക്കാതെ നാശോന്മുഖമായിരിക്കുന്നു. സമീപ പ്രദേശത്തൊന്നും വ്യവസായ കേന്ദ്രങ്ങളില്ല. |
| ചെറുകിട വ്യവസായ വിപണനകേന്ദ്രം- ചക്കുപള്ളം മാധവൻകാനം (134/2019, 121/2020), അടങ്കൽ- 500000/- വികസന | 19100863011900496796/ 24.08.2019 | 499701/- വികസന ഫണ്ട് (പൊതുവിഭാഗം) | ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ മാധവൻകാനത്ത് പണികഴിപ്പിച്ചിട്ടുള്ള വ്യവസായവിപണനകേന്ദ്രം പ്രവർത്തിക്കാതെ നാശോന്മുഖമായിരിക്കുന്നു. സമീപ പ്രദേശത്തൊന്നും വ്യവസായ കേന്ദ്രങ്ങളില്ല. വ്യവസായ കേന്ദ്രത്തിന് അനുയോജ്യമല്ലാത്ത സ്ഥലം |

| | | | |
|---|---|---|---|
| ഫണ്ട് (പൊതുവിഭാഗം) | | | |

വ്യവസായ വിപണനകേന്ദ്രത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം നിർമ്മിച്ചതും കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിന് തുടർ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാത്തതും വ്യവസായ വിപണനകേന്ദ്രം പ്രവർത്തിക്കണമെന്ന ലക്ഷ്യം ബ്ലോക്ക് പഞ്ചായത്തിന് ഇല്ലാത്തിനാലാണ്. വ്യവസായ വിപണനകേന്ദ്രത്തിന് അനുയോജ്യമല്ലാത്ത സ്ഥലമാണെന്ന് അറിഞ്ഞുകൊണ്ടു തന്നെ പുതിയ നിർമ്മിതി നടത്തുന്നതിന് തീരുമാനിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി പൊതുപണം ദുർവ്യയം ചെയ്യണമെന്ന ഒറ്റ ലക്ഷ്യം മുൻനിറുത്തി മാത്രമാണ്. അതിനാൽ, പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹28,76,252/- തടസപ്പെടുത്തുന്നു. വ്യവസായ വിപണനകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം പൊതുപണം ദുർവ്യയം ചെയ്തതായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ ഭരണസമിതിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-11 സി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

2019-20 വർഷത്തിൽ സി എച്ച് സി-കൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പണം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം, പദ്ധതിയുടെ പേര് | അടങ്കൽ / ചെലവ് | ബിൽ നം./തീയതി | ലഭിച്ച മരുന്ന് | ലഭിക്കുവാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1 | S0048/20, സി.എച്ച്.സി- വണ്ടൻമേടിന് മരുന്ന് വാങ്ങൽ | 300000/300000 | 1910086301240080 4925/12.11.20 | 0 | 300000 |
| 2 | S0051/20, സി.എച്ച്.സി- ഉപ്പുതറയ്ക്ക് മരുന്ന് വാങ്ങൽ | 300000/298580 | 191008630112300717597/22.10.19 - ₹248959/-<br>191008630136625 0/27.2.20 - ₹49621/- | 0 | 298580 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 അമ്പലമേട് മക്കോരപ്പടി ജലസേചനപദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കിയിരിക്കുന്നു.

വണ്ടന്മേട് ഗ്രാമപഞ്ചായത്തിലെ അമ്പലമേട് മക്കോരപ്പടി ജലസേചന പദ്ധതിയ്ക്കായി 2017-18ൽ പ്രോജക്ട് ആവിഷ്കരിച്ച് 2019-20ൽ കുളം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ, പദ്ധതി മാർഗ്ഗനിർദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ബിൽ നം, ചെക്ക് നം./തിയതി | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| അമ്പലമേട് മക്കോരപ്പടി ജലസേചന പദ്ധതി (135/2018, 113/2019, 101/2020) | 191008630119003592 01/19.07.2019 | 1071201 | അസിസ്റ്റന്റ് എഞ്ചിനിയർ |

14.02.2018ലെ സ.ഉ(കൈ)22/2001/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 6.5.6 പ്രകാരം ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. എന്നാൽ, ആയക്കെട്ട് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രോജക്ടിനായി പുറ്റടി ജംഗ്ഷനു സമീപം സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് കുളം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ, സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടില്ല. കുളം നിർമ്മിച്ചിട്ടുള്ളതല്ലാതെ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പൊതുപണം ഉപയോഗിച്ച് ഫലത്തിൽ സ്വകാര്യ വ്യക്തിക്ക് കുളം നിർമ്മിച്ച് നൽകുകയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തിട്ടുള്ളത്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.1(ബി).1 പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/കർഷക കൂട്ടായ്മ/ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ, മേൽ പ്രകാരം വ്യവസ്ഥ ചെയ്യാതെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ജലസേചന പദ്ധതിയുടെ പൂർത്തീകരണത്തിനായി 2020-21, 2021-22 വാർഷിക പദ്ധതികളിൽ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല.

പ്രോജക്ടിനായി ചെലവഴിച്ച ₹10,71,201/- തടസപ്പെടുത്തുന്നു.

1-13 ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് കണ്ടിജൻസി ചെലവിൽ നിന്നും വേതനം അനുവദിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പാലിന് സബ്സിഡി പദ്ധതിയുടെ ഡേറ്റ എൻട്രി ജോലി ചെയ്തതിന് ശ്രീ.അനൂപ് ജയിംസ്, വയലിൽ, ചക്കുപള്ളം, ശ്രീ.പ്രമോദ് വി.എസ്, വടക്കേൽ, കൊച്ചറ എന്നിവർക്ക് 40 ദിവസത്തെ പ്രതിഫലമായി ₹28880/-(40*₹720/-) വീതം (19100863012201284407/15.02.2020ബിൽ പ്രകാരം ₹57600/-) നൽകിയിട്ടുണ്ട്. 14.02.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക പ്രകാരം കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, കൺസ്യൂമറബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജ് തുടങ്ങിയ ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിനു മാത്രമാണ് കണ്ടിജൻസി ചെലവുകൾ ചെയ്യുന്നതിന് അനുമതിയുള്ളത്. ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് പ്രതിഫലം നൽകുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ്, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/24.02.2022) രണ്ടായിരത്തിൽപരം ഗുണഭോക്താക്കളുടെ വിവരങ്ങൾ എല്ലാമാസവും രേഖപ്പെടുത്തി സമയബന്ധിതമായി പ്രോജക്ട് നിർവ്വഹിക്കേണ്ടതിനാലാണ് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ക്ഷീരവികസന ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് കമ്മിറ്റിയുടെയും സർക്കാരിന്റെയും മുൻകൂർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച നടപടി ക്രമപ്രകാരമല്ല. ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം നേടേണ്ടതാണ്. ഡേറ്റാ എൻട്രിയുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമെങ്കിൽ സർക്കാർ അനുമതിയോടുകൂടി മാത്രം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | - |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

2018-19ൽ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായി രുന്ന തുക ₹ | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി (ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ) | സ.ഉ(എം.സ്) 306/2011/ ത.സ്വ.ഭ.വ തീ. 07.12.11 | 343052250 | 6578550 | 0.00 | 6578550 | 0.00 | 0.00 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31 മുതൽ 43 വരെ | 2000-01 | അവലോകനം | കുടിവെള്ളം /ജലസേചന പദ്ധതി അധിക ചെലവുകൾ | തുടരുന്നു |
| 2003-04 | 3(11) | 2006-07 | 3.3, 5.1 | ഡെപ്പോസിറ്റ് വേലകൾ (KSEB, KWA, KAICO) പൂർത്തിയാക്കിയിട്ടില്ല | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2004-05 | 3-3 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2) /2009 തീ. 04.01.11 | 13343 | 0 | ഇല്ല | 0 | 0 | 0 | 0 | 13343 | - |
| 2 | 2004-05 | 3-8 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 2004-05 | 3-10 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 5 | 2004-05 | 3-13 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 6 | 2004-05 | 3-16 | ജോസഫ് അലക്സാണ്ടർ പീറ്റർ ബി.ഡി.ഒ | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 19829 | 0 | | 0 | 0 | 0 | 0 | 19829 | - |
| 7 | 2002-03 | 3-2 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1401 | 0 | | 0 | 0 | 0 | 0 | 1401 | - |
| 8 | 2002-03 | 3-3(1) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ.07.02.07 | 2706 | 0 | | 0 | 0 | 0 | 0 | 2706 | - |
| 9 | 2002-03 | 3-3(2) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1700 | 0 | | 0 | 0 | 0 | 0 | 1700 | - |
| 10 | 2000-01 | 16 | കുര്യാക്കോസ് ജോൺ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | LF.13262/ Spl.cell. (SC2)/2005 തീ.16.10.06 | 1498 | 0 | | 0 | 0 | 0 | 0 | 1498 | - |
| 11 | 2000-01 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.13262/ Spl.cell. (SC2)/2005 തീ. 16.10.06 | 13949 | 0 | | 0 | 0 | 0 | 0 | 13949 | - |
| 12 | 1999-2000 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 480 | 0 | | 0 | 0 | 0 | 0 | 480 | - |
| 13 | 1999-2000 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. (SC2)/2005 തീ.28.06.06 | 1500 | 0 | | 0 | 0 | 0 | 0 | 1500 | - |
| 14 | 1999-2000 | 22 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ.28.06.06 | 10093 | 0 | | 0 | 0 | 0 | 0 | 10093 | - |
| 15 | 1999-2000 | 23 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2434 | 0 | | 0 | 0 | 0 | 0 | 2434 | - |
| 16 | 1999-2000 | 24 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2068 | 0 | | 0 | 0 | 0 | 0 | 2068 | - |
| 17 | 1999-2000 | 25 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2637 | 0 | | 0 | 0 | 0 | 0 | 2637 | - |
| 18 | 1999-2000 | 26 | എം.റ്റി സോമൻ അസി. എഞ്ചിനിയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 5498 | 0 | | 0 | 0 | 0 | 0 | 5498 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 19 | 1998-99 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 160 | 0 | | 0 | 0 | 0 | 0 | 160 | - |
| 20 | 1998-99 | 20 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 630 | 0 | | 0 | 0 | 0 | 0 | 630 | - |
| 21 | 1998-99 | 21 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 165 | 0 | | 0 | 0 | 0 | 0 | 165 | - |
| 22 | 1998-99 | 22 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 708 | 0 | | 0 | 0 | 0 | 0 | 708 | - |
| 23 | 1998-99 | 24 | ജോർജ്ജ് ജോസഫ്, പ്രസിഡന്റ് | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 70 | 0 | | 0 | 0 | 0 | 0 | 70 | - |
| 24 | 1998-99 | 25 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 2127 | 0 | | 0 | 0 | 0 | 0 | 2127 | - |
| 25 | 1998-99 | 30 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11812 | 0 | | 0 | 0 | 0 | 0 | 11812 | - |
| 26 | 1998-99 | 31 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11458 | 0 | | 0 | 0 | 0 | 0 | 11458 | - |
| 27 | 1998-99 | 32 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 7350 | 0 | | 0 | 0 | 0 | 0 | 7350 | - |
| 28 | 1998-99 | 33 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11854 | 0 | | 0 | 0 | 0 | 0 | 11854 | - |
| 29 | 1998-99 | 35 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 36375 | 0 | | 0 | 0 | 0 | 0 | 36375 | - |
| 30 | 1998-99 | 36 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 4100 | 0 | | 0 | 0 | 0 | 0 | 4100 | - |
| 31 | 1998-99 | 37 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12425 | 0 | | 0 | 0 | 0 | 0 | 12425 | - |
| 32 | 1998-99 | 38 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12576 | 0 | | 0 | 0 | 0 | 0 | 12576 | - |
| 33 | 1998-99 | 39 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 13930 | 0 | | 0 | 0 | 0 | 0 | 13930 | - |
| 34 | 1998-99 | 40 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. | 10982 | 0 | | 0 | 0 | 0 | 0 | 10982 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | (SC2)/2002 തീ.29.01.03 | | | | | | | | | |
| 35 | 1998-99 | 41 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 8849 | 0 | | 0 | 0 | 0 | 0 | 8849 | - |
| 36 | 1998-99 | 42 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12392 | 0 | | 0 | 0 | 0 | 0 | 12392 | - |
| 37 | 1998-99 | 43 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 16770 | 0 | | 0 | 0 | 0 | 0 | 16770 | - |
| 38 | 1998-99 | 47 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 5000 | 0 | | 0 | 0 | 0 | 0 | 5000 | - |
| 39 | 1995-96 1996-97 | 48 | ജെ.വർഗ്ഗീസ്, മെമ്പർ എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ, മെമ്പർ കെ. പി. സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 3712 | 0 | | 0 | 0 | 0 | | 3712 | - |
| 40 | 1995-96 1996-97 | 22 | എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ മെമ്പർ, കെ.പി.സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 248 | 0 | | 0 | 0 | 0 | 0 | 248 | - |
| 41 | 1995-96 1996-97 | 23 | - | LF.6755/ Spl.cell. (SC2)/2000 തീ.01.07.00 | 3000 | 0 | | 0 | 0 | 0 | 0 | 3000 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹20224450 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹62780758 |
| ആകെ | | ₹83005208 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹76855859 |
| നീക്കിയിരിപ്പ് | | ₹6149349 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹3947453 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| ഇല്ല |
|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-10 | 2876252 | ശ്രീ.രാജൻ (കാഞ്ചിയാർ), മെമ്പർ | 239687 |
| | | ശ്രീമതി ജോസ്ന ജോബിൻ, മെമ്പർ | 239687 |
| | | ശ്രീമതി കുട്ടിയമ്മ സെബാസ്റ്റ്യൻ, മെമ്പർ | 239687 |
| | | ശ്രീമതി സന്ധ്യ രാജ, മെമ്പർ | 239687 |
| | | ശ്രീ. സാബു ജോൺ, മെമ്പർ | 239688 |
| | | ശ്രീ.ജിജി കെ.ഫിലിപ്പ്, മെമ്പർ | 239688 |
| | | ശ്രീ. രാജേഷ് കുഞ്ഞുമോൾ, മെമ്പർ | 239688 |
| | | ശ്രീമതി സാലി ജോളി, മെമ്പർ | 239688 |
| | | ശ്രീ.രാജേന്ദ്രൻ മാരിയിൽ, മെമ്പർ | 239688 |
| | | ശ്രീമതി ഇന്ദിര ശ്രീനി, മെമ്പർ | 239688 |
| | | ശ്രീമതി അമ്പിളി വി.ജി, മെമ്പർ | 239688 |
| | | ശ്രീമതി ആശ ആന്റണി(നിർമ്മൽ), മെമ്പർ | 239688 |
| 1-12 | 1071201 | ശ്രീ.ജോസഫ് തോമസ് അസി.എഞ്ചിനീയർ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോസഫ് തോമസ് അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി സബ് ഡിവിഷൻ കട്ടപ്പന | തെക്കേൽ ഹൗസ്, നെറ്റിത്തൊഴ പി.ഒ, നെറ്റിത്തൊഴ, ഇടുക്കി ജില്ല |
| ശ്രീ. രാജൻ (കാഞ്ചിയാർ), മെമ്പർ | - | മേമുറിയിൽ, കാഞ്ചിയാർ, കാഞ്ചിയാർ-685511 |
| ശ്രീമതി ജോസ്ന ജോബിൻ, മെമ്പർ | - | കളത്തിക്കാട്ടിൽ, ഇരട്ടയാർ, ഇരട്ടയാർ പി.ഒ.-685514 |
| ശ്രീമതി കുട്ടിയമ്മ സെബാസ്റ്റ്യൻ, മെമ്പർ | - | അയന്തിക്കൽ, എഴുകുംവയൽ, എഴുകുംവയൽ-685553 |
| ശ്രീമതി സന്ധ്യ രാജ, മെമ്പർ | - | ശ്രീദേവി ഇല്ലം, ആമയാർ കണ്ടം, വണ്ടൻമേട്-685551 |
| ശ്രീ. സാബു ജോൺ, മെമ്പർ | - | വയലിൽ ഹൗസ്, 6-ാം മൈൽ, ചക്കുപള്ളം-685509 |
| ശ്രീ. ജിജി കെ. ഫിലിപ്പ്, മെമ്പർ | പ്രസിഡണ്ട്, ഇടുക്കി ജില്ലാ പഞ്ചായത്ത് | കുളത്തിങ്കൽ, അണക്കര, അണക്കര-685512 |
| ശ്രീ. രാജേഷ് കുഞ്ഞുമോൾ | - | രോഹിത്ത് എസ്റ്റേറ്റ്, കെ.ചപ്പാത്ത്, കെ.ചപ്പാത്ത്-685505 |
| ശ്രീമതി സാലി ജോളി, മെമ്പർ | മെമ്പർ, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ, കാഞ്ചിയാർ, കാഞ്ചിയാർ-685511 |
| ശ്രീ.രാജേന്ദ്രൻ മാരിയിൽ, മെമ്പർ | - | മാരിയിൽ, മരുതുംപേട്ട, കെ.ചപ്പാത്ത് |
| ശ്രീമതി ഇന്ദിര ശ്രീനി, മെമ്പർ | - | മഞ്ചാടിയിൽ, ഉപ്പുതറ, ഉപ്പുതറ-685505 |
| ശ്രീമതി അമ്പിളി വി.ജി, മെമ്പർ | - | കണ്ണിമോളത്ത്, ചീന്തലാർ, ചീന്തലാർ-685501 |
| ശ്രീമതി ആശ ആന്റണി (നിർമ്മൽ), മെമ്പർ | മെമ്പർ, ഇടുക്കി ജില്ലാ പഞ്ചായത്ത് | ആലമറ്റത്തിൽ, മത്തായിപ്പാറ, മത്തായിപ്പാറ-685505 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഐ.4/405/05<br>തീ. 3.8.2005 | 6 | 3-19,3-21,3-22,<br>3-23,3-24,3-25(1,3) |
| 1997-98 | എൽ.എഫ്.ഐ.3/345/2002<br>തീ. 27.6.2002 | 17 | 11,12,13,19,20,21,<br>22,23,26,27,2829,30,<br>31,32,33,34 |
| 1998-99 | എൽ.എഫ്.ഐ.4/357/13<br>തീ. 10.7.13 | 38 | 2,3,4,9,10,11,12,16,19,<br>20,21,22,23(1,2,3),24,25, |

| | | | |
|---|---|---|---|
| | | | 27,28,29,30,31,32,33,34,<br>35,36,37,38,39,40,41,42,<br>43,44,45,46,47,48,49 |
| 1999-00 | കെ.എസ്.എ-ഐ.ഡി.കെ-9/<br>465/2017 തീ. 27.4.2017 | 12 | 17,18,19,20,21,22,23,<br>24,25,26,27,28 |
| 2000-01 | എൽ.എഫ്.ഐ.4/498/08<br>തീ.3.11.2008 | 6 | 14,15,17,18,19,20 |
| 2001-02 | എൽ.എഫ്.ഐ.4/173/09<br>തീ. 6.3.2009 | 9 | 2-1,2-2,2-3,2-4,2-5,2-6,<br>2-7,2-8,3-14 |
| 2002-03 | എൽ.എഫ്.ഐ.4/450/08<br>തീ.04.11.2008 | 5 | 3-1,3-2,3-3 (1,2),3-4,,3-7 |
| 2003-04 | എൽ.എഫ്.ഐ.4/491/09<br>തീ. 8.9.2009 | 4 | 3-2,3-3,3-6,3-10 |
| 2004-05 | എൽ.എഫ്.ഐ.4/559/11<br>തീ. 3.11.2011 | 17 | 3-2,3-3,3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11,3-12,<br>3-13,3-14,3-15,3-16,<br>3-17,3-18 |
| 2005-06 | എൽ.എഫ്.ഐ.-4/560/<br>2011/തീ.03.11.2011 | 7 | 3-1,3-2,3-3,3-4,3-6,3-7,3-8 |
| 2006-07 | എൽ.എഫ്.ഐ.-9/1129/<br>2010/ തീ.23.4.2011 | 8 | 2-1 എ,ബി,2-2,3-1,3-2,<br>3-3,3-4,3-6,4-3 |
| 2007-08 | എൽ.എഫ്.ഐ.-9/1075/<br>2011/തീ.22.2.2012 | 14 | 2-1,2-2,2-3,2-4,3-1,3-2,3-3,<br>3-4,3-6,3-7,3-8,3-9,3-10,3-11 |
| 2008-09 | എൽ.എഫ്.ഐ.-9/1073/<br>2012/തീ.12.9.2012 | 21 | 1-1,1-2,1-3,1-4,2-1എ,ബി,<br>2-2,3-1,3-2,3-3,3-4,3-5,3-6,<br>3-7,3-8,3-9,3-10,3-11,3-12,<br>3-13,3-14,3-15 |
| 2009-10 | എൽ.എഫ്.ഐ.-9/1081/<br>2012/തീ.3.10.2012 | 11 | 2-1,2-2,2-3,2-5,3-2,3-3,3-4,<br>3-5,3-6,3-7,4-3 |
| 2010-11<br>2011-12 | കെ.എസ്.എ-ഐ.ഡി.കെ-9/<br>1437/15/തീ.4.4.2016 | 16 | 2-1,2-2,3-1,3-2,3-3,3-4,3-5<br>,3-6,3-7,3-8,3-9,3-10,3-12, |

| | | | |
|---|---|---|---|
| | | | 3-13,3-14,3-15 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ-9/ 1111/16/തീ. 1.09.2016 | 7 | 3-2,3-3,3-4,3-6,3-7,3-11,4-1 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-9/ 86/16/തീ.20.06.2016 | 5 | 2-1 എ,ബി,3-1,3-2,3-3,4-3 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/ 924/16/തീ.1.02.2017 | 5 | 2-1,3-2,3-3,3-4,4-3 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/ 820/16/തീ.19.06.2017 | 11 | 2-1,2-3,3-3,3-4,3-5, 3-6,3-7,3-8, |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-9/ 203/18/തീ.28.02.2018 | 2 | 4-7,4-9 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-9-114/2019 തി. 27.02.2019 | 4 | 2-2, 3-3, 3-4, 4-7 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-9/880/2019 തി.10.12.2019 | 6 | 1-12 മുതൽ 1-17 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്